**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 1548** | **12-06-2019-ൽ മറുപടിക്ക്**

# കടബാദ്ധ്യതയിൽപ്പെട്ട കർഷകരെ സഹായിക്കുന്നതിന് നടപടി

**ചോദ്യം**

**ശ്രീ. അനൂപ് ജേക്കബ്**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കടബാദ്ധ്യതയിൽപ്പെട്ട സംസ്ഥാനത്തെ കർഷകരെ സഹായിക്കുന്നതിനായി ബാങ്കുകൾക്ക് കർശനനിർദ്ദേശം നല്കാത്തതാണ് അടിക്കടി ഉണ്ടാകുന്ന കർഷക ആത്മഹത്യകൾക്ക് കാരണം എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാന കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08.10.2018 -ൽ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി കൺവീനർ ഉൾപ്പെടെയുള്ള ബാങ്കിംഗ് പ്രതിനിധികളുമായി വിശദമായ ചർച്ച നടത്തുകയും, ഇതു സംബന്ധിച്ച് ബാങ്കുകൾക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മൊറട്ടോറിയം കാലയളവിൽ പോലും സഹകരണബാങ്കുകൾ ഉൾപ്പെടെയുള്ള ബാങ്കുകൾ കർഷകർക്ക് ജപ്തി നോട്ടീസുകൾ നല്കി കർഷകരെ പ്രയാസത്തിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018 ഓഗസ്റ്റ് 20 ന കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ റിസർവ്വ് ബാങ്ക് നിബന്ധനകൾക്ക് വിധേയമായി ചർച്ച ചെയ്തു അംഗീകരിക്കുകയും ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടികളുടെ വിശദാംശങ്ങൾ www.slbc.kerala.com എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ഇതുപ്രകാരം അർഹമായ വായ്പകൾക്ക് മോറട്ടോറിയം നിലവിൽ ഉണ്ട്.<br>പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിലെ കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളിലേയും ജപ്തി നടപടികൾക്ക് ഒരു വർഷത്തെ മോറട്ടോറിയം പ്രഖ്യാപിച്ച് 12.10.18 ലെ സ.ഉ(എം.എസ്) 367/2018/റവ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് സഹകരണ ബാങ്കുകളിൽ നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്. ചില ബാങ്കുകൾ ജപ്തി നോട്ടീസുകൾ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>സംസ്ഥാനത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31.07.2018 മുതൽ ഒരു വർഷത്തേക്ക് |

| | | | |
|---|---|---|---|
| | | | മൊറട്ടോറിയം അനുവദിച്ച് നൽകിയിരുന്നു. തുടർന്ന് പ്രസ്തുത മൊറട്ടോറിയത്തിന്റെ കാലാവധി 31.12.19 വരെ ദീർഘിപ്പിച്ചു നൽകുന്നതിനും സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾളിൽമേലുമുള്ള ജപ്തി നടപടികൾക്ക് 31.12.2019 വരെ മൊറട്ടോറിയം അനുവദിച്ചും സഹകരണ സംഘം രജിസ്ട്രാറുടെ 15/19 നമ്പർ സർക്കുലർ നൽകിയിട്ടുണ്ട്.<br>പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് നേരത്തേ പ്രഖ്യാപിച്ച മോറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കാനും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും മോറട്ടോറിയം ബാധകമാക്കിക്കൊണ്ടും 05-03-2019 ലെ മന്ത്രിസഭാ യോഗം തീരുമാനമെടുത്തിട്ടുണ്ട്. ഇക്കാര്യത്തിന്മേലുള്ള തുടർനടപടികൾ സ.ഉ (കൈ) നം.146/2019/റവ തീയതി 27-05-2019 പ്രകാരം റവന്യൂ വകുപ്പിൽ നിന്നും സ്വീകരിച്ചിട്ടുണ്ട്.<br>ബാങ്കുകൾ ജപ്തി നടപടികളുമായി ബന്ധപ്പെട്ട നോട്ടീസ് അയയ്ക്കുന്നത് പ്രളയസമയത്തിന് മുമ്പ് തന്നെ തിരിച്ചടവ് മുടക്കം വന്നിട്ടുള്ള ലോണുകൾക്കാണ് എന്നാണ് SLBC യുടെ സ്റ്റിയറിംഗ് കമ്മിറ്റിയിൽ SLBC അധികാരികളും / റിസ്സർവ് ബാങ്ക് അധികാരികളും വ്യക്തമാക്കിയിട്ടുള്ളത്. |
| (സി) | കാർഷികകടങ്ങളെ ടേം ലോണുകളായി മാറ്റുന്നതിലൂടെ കർഷകർ കൂടുതൽ ദുരിതത്തിലാകുന്നുവെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | മൊറട്ടോറിയം പിരിയഡ് കഴിഞ്ഞ ശേഷം ടേം ലോൺ ആക്കുന്ന വിഷയത്തിൽ കൂട്ടുപലിശ അല്ല സാധാരണ പലിശ തന്നെയാകും ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഈടാക്കുന്നതെന്നും തിരിച്ചടയ്ക്കാനുള്ള തുക തവണകളായി അഞ്ച് വർഷം കൊണ്ട് അടച്ചുതീർക്കുന്ന രീതിയിൽ ക്രമീകരിച്ചിട്ടുണ്ടെന്നും SLBC കൺവീനർ 08.10.2018 -ൽ സംസ്ഥാന കൃഷി വകുപ്പ് മന്ത്രി വിളിച്ചുചേർത്ത പ്രത്യേക എസ്.എൽ.ബി.സി യോഗത്തിൽ അറിയിച്ചിട്ടുണ്ട്. |
| (ഡി) | പുന:ക്രമീകരിച്ച ലോണുകൾ മൂലം കടക്കെണിയിലായ കർഷകർ ഏകദേശം 40% അധിക തിരിച്ചടവിന് നിർബന്ധിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിയ്ക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ